പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7494 — 14.07.2014- ൽ മറുപടിക്ക്

## ക്ഷേമപെൻഷൻ വരുമാന പരിധി വെട്ടിച്ചുരുക്കൽ

ചോദ്യം

ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി. ഗീതാ ഗോപി
ശ്രീമതി. ഇ.എസ്. ബിജിമോൾ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്ഷേമ പെൻഷനുകൾക്കുള്ള ഉയർന്ന വരുമാന പരിധി എത്രയായിരുന്നു; ഈ വരുമാന പരിധി വെട്ടിച്ചുരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുമാന പരിധി എത്രയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ അഗതി/വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയായിരുന്നു. എന്നാൽ ക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് 20.06.2014 ന് സ.ഉ. (എം.എസ്) നം. 52/14/സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വരുമാന പരിധി വെട്ടിച്ചുരുക്കുന്നതു മൂലം നിലവിൽ ക്ഷേമപെൻഷൻ ലഭിക്കുന്നവർക്ക് പെൻഷൻ നഷ്ടപ്പെടാൻ സാധ്യതയുണ്ടോ? ഉണ്ടെങ്കിൽ മൊത്തം എത്ര പേർക്ക് പെൻഷൻ നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ? | (ബി) | വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിൻ പ്രകാരം പെൻഷൻ ഇതിനകം ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും ടി തുക തിരിച്ചു പിടിയ്ക്കേണ്ടതില്ലെന്ന് സ.ഉ.(എം.എസ്) നം. 52/14/സാനീവ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. വരുമാന പരിധി ഏകീകരിച്ചതു മൂലം പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെട്ടവരുടെ കണക്ക് ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ